**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6826** **11-07-2024 - ൽ മറുപടിയ്ക്ക്**

**ചേറ്റുവ കോട്ട സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ ചേറ്റുവ കോട്ട സംരക്ഷിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി ചേറ്റുവ കോട്ടയുടെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ വകുപ്പ് 2018-19 കാലയളവിൽ നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി കോട്ടയുടെ അതിർത്തികൾ നിർണ്ണയിക്കുകയും, കോട്ടയുടെ സംരക്ഷണത്തിനായി കിടങ്ങുകളുടെ പുറംഭാഗത്ത് സംരക്ഷണ ഭിത്തികൾ നിർമ്മിക്കുകയും ചെയ്തു. കോട്ടയിലേക്ക് കടക്കുന്നതിന് നടപ്പാലവും നിർമ്മിക്കുകയുണ്ടായി. |
| (ബി) | ചേറ്റുവ കോട്ടയെ വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ബി) | ചേറ്റുവ കോട്ട വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്ത പദ്ധതിയിൽ പുരാവസ്തു വകുപ്പ് സഹകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി പുരാവസ്തു വകുപ്പും, തൃശ്ശൂർ ജില്ലാ പഞ്ചായത്തും തമ്മിൽ ഏർപ്പെടേണ്ട കരാറിന്റെ കരട് സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ